<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3115</u>** **<u>04-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കൊടകര കുഴൽപ്പണ കവർച്ച കേസിൽ പ്രത്യേക അന്വേഷണസംഘത്തിന്റെ കണ്ടെത്തലുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊടകര കുഴൽപ്പണ കവർച്ച കേസിൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കുമോ; | (എ) | കൊടകര കുഴൽപ്പണ കവർച്ച കേസിൽ 3.5 കോടി രൂപ കർണ്ണാടകയിൽ നിന്നും എത്തിച്ച് പ്രധാന സാക്ഷിയായ ധർമ്മരാജൻ മുഖേന ടിയാന്റെ ഡ്രൈവർ ഷംജീർ, സഹായി റഷീദ് എന്നിവർ ചേർന്ന് കോഴിക്കോട് നിന്നും ബി.ജെ.പി ആലപ്പുഴ ജില്ലാ ട്രഷറർ ഗോപാലകൃഷ്ണകർത്താ എന്നയാൾക്ക് കൈമാറുന്നതിന് കൊണ്ടു പോകുന്ന സമയം കൊടകര ഹൈവേയിൽ വച്ച് വാഹനവും പണവും കൊള്ളയടിക്കപ്പെട്ടതായും ബി.ജെ.പി സംസ്ഥാന പ്രസിഡന്റിന്റെ അറിവോടെ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി, സംസ്ഥാന ഓഫീസ് സെക്രട്ടറി എന്നിവരുടെ നിർദ്ദേശാനുസരണവുമാണ് കേസിൽ കവർച്ച ചെയ്യപ്പെട്ട പണം കൊണ്ടു വന്നിരുന്നത് എന്നും അന്വേഷണത്തിൽ അറിവായിട്ടുണ്ട് .അവശേഷിക്കുന്ന കവർച്ചാ മുതൽ കണ്ടെത്തുന്നതിനും, സമാന രീതിയിൽ നടന്നതായ മറ്റ് പണമിടപാടുകൾക്ക് ഇലക്ഷൻ സംബന്ധമായ കുറ്റകൃത്യങ്ങളുമായോ, മറ്റേതെങ്കിലും കുറ്റകൃത്യങ്ങളു മായോ ബന്ധമുണ്ടോ എന്നും കണ്ടെത്തുന്നതിനുമായി അന്വേഷണം തുടർന്നു വരുന്നു. ഇക്കാര്യം ബഹു. കോടതിയെ അറിയിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും ഒരു ദേശീയ രാഷ്ട്രീയപ്പാർട്ടിക്കു വേണ്ടി കുഴൽപ്പണം വിതരണം ചെയ്യുവാൻ സാഹചര്യമുണ്ടായതിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പോലീസിന് വീഴ്ച സംഭവിച്ചിട്ടില്ല. |
| (സി) | കൊടകര കുഴൽപ്പണ കേസിലെ കണ്ടെത്തലുകൾ പോലീസ് മറ്റേതെങ്കിലും അന്വേഷണ ഏജൻസിക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | കൊടകര കുഴൽപ്പണ കവർച്ചാ കേസിന്റെ അന്വേഷണത്തിൽ നിന്ന് കേസ്സിലുൾപ്പെട്ടതും മറ്റുമായ അനധികൃത പണമിടപാടുകൾ ബി.ജെ.പിയുടെ തിരഞ്ഞെടുപ്പ് |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കായി കൊണ്ടു വന്നതാണെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകംടാക്സ് വിഭാഗം എന്നിവിടങ്ങളിൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ